**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 693** **24/01/2018-ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് രൂപീകരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോജി എം. ജോൺ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ ബാങ്കിന്റെ രൂപീകരണം മുഖേന ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കപ്പെടുകയോ കുറയ്ക്കുകയോ ചെയ്യപ്പെടുന്നത് മുഖേന ഹ്രസ്വകാല വായ്പാ മേഖലയിൽ അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിന് സാഹചര്യം ഒരുക്കും. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഒരു നവഉണർവ്വ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക മേഖല പരമ്പരാഗത തൊഴിൽ മേഖല, സ്വയം തൊഴിൽ മേഖല എന്നിവയുടെ വികസനത്തിന് കാരണമാകും. സംസ്ഥാനത്ത് ധന നിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടുവരുന്നതിന് ക്രിയാത്മകമായ പങ്ക് വഹിക്കാനാകും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കേരള സഹകരണ ബാങ്കിന് മറികടക്കാനാകും. ലയനം മുഖേന നിർദ്ദിഷ്ട ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ ഇതര സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും ആയതിലൂടെ സംസ്ഥാനത്തിന്റെ വികസനത്തിന് ശക്തമായ അടിത്തറ നൽകുവാനും കഴിയും. മറ്റു വാണിജ്യ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി സഹകരണ മേഖലയിലുള്ള ഈ ബാങ്ക് സ്വീകരിക്കുന്ന നിക്ഷേപം വായ്പയായി കേരളത്തിൽ തന്നെ വിതരണം ചെയ്യാൻ കഴിയുമെന്നതിനാൽ ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകരമാകും. |
| (ബി) | കേരള ബാങ്ക് രൂപീകരിക്കുമ്പോൾ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാരിൽ എത്ര പേർ അധികമായി വരുമെന്ന് കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ അവരുടെ സേവനം എപ്രകാരം വിനിയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കേരള ബാങ്ക് രൂപീകരണ സമയത്ത് ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ